## 18.06.2018-ന് നടന്ന പ്രിൻസിപ്പാൾ കോൺഫറൻസ്-2018 ൻറെ മിനിട്ട്സ്

പ്രിൻസിപ്പാൾ കോൺഫറൻസ്-2018 അങ്കമാലിയിലെ Espoir Academy- യിൽ വച്ച് 10.30 ന് ആരംഭിച്ചു. ബഹുമാനപ്പെട്ട ട്രെയിനിംഗ് ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അഡീഷണൽ ഡയറക്ടർ കോൺഫറൻസിനെത്തിയ ഉദ്യോഗസ്ഥർക്ക് സ്വാഗതം അർപ്പിച്ചു. തുടർന്ന് വകുപ്പിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറും, അഡീഷണൽ ഡയറക്ടറും, അഡീഷണൽ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറും, ജോയിൻറ് ഡയറക്ടറും, ഡെപ്യൂട്ടി ഡയറക്ടർ പ്ലാനിംഗും , ഡെപ്യൂട്ടി സ്റ്റേറ്റ് അപ്രൻറിസ്ഷിപ്പ് അഡ്വൈസറും സംസാരിച്ചു. (ടി കോൺഫറൻസിൽ പങ്കെടുത്തവരുടെ വിവരങ്ങൾ ഉള്ളടക്കം ചെയ്യുന്നു.) അജൻഡ വിഷയങ്ങളിൻമേൽ നടന്ന ചർച്ചയിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ / തീരുമാനങ്ങൾ എടുക്കുകയുണ്ടായി.

**അഡ്മിഷൻ**

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2018 ആഗസ്റ്റ് സെഷനിലെ പ്രവേശനത്തിന് ഓൺ-ലൈനായിട്ടാണ് അപേക്ഷ ക്ഷണിക്കുന്നത്. ജൂൺ മാസം 19 -ാം തീയതി മുതൽ http://itiadmissionskerala.org/,/https://det.kerala.gov.in എന്നീ പോർട്ടലുകൾ വഴി അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്

**ട്രെയിനിംഗ്:**

1. ട്രെയിനിംഗ് സംബന്ധിച്ച Monthly Report പല ഐ.ടി.ഐ കളും ഡയറക്ടറേറ്റിൽ ( F section) സമർപ്പിക്കുന്നില്ല. ആയത് കൃത്യമായി അയയ്ക്കുന്നുണ്ടെന്ന് എല്ലാ പ്രിൻസിപ്പാൾമാരും ഉറപ്പ് വരുത്തേണ്ടതാണ്.
2. ഐ.ടി.ഐ കളിൽ പരിശോധനയ്ക്കായി എത്തുന്ന Inspecting Officer-മാർക്ക് റിമാർക്ക്സ് രേഖപ്പെടുത്തുവാനായി ഒരു ഇൻസ്പെക്ഷൻ രജിസ്റ്റർ അതാത് ഐ.ടി.ഐ പ്രിൻസിപ്പാൾമാർ സർട്ടിഫൈ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
3. ഐ.ടി മാർ അഡ്വാൻസ് ടൂർ ഡയറി ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.
4. ട്രെയിനിംഗിൻറെ പുരോഗതി സംബന്ധിച്ച വിഷയങ്ങൾ (Programme of coaching/ ട്രെയിനികളുടെ ഹാജർ നിലവാരം/ Test Paper എന്നിവ) പ്രാക്ടിക്കൽ ഹാളിൽ നിർബന്ധമായും പ്രദർശിപ്പിച്ചിരിക്കണം.
5. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാരും മാസത്തിൽ കുറഞ്ഞത് 6 സർക്കാർ ഐ.ടി.ഐകൾ വീതം പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പ്രൈവറ്റ് ഐ.ടി.ഐ പരിശോധന നടത്തുന്നതിന് ഇനി മുതൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരെ ചുമതലപ്പെടുത്തുന്നു. എല്ലാ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും കുറഞ്ഞത് മാസത്തിൽ 3 പ്രൈവറ്റ് ഐ.ടി.ഐകളിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. **( എഫ് സെക്ഷൻ ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്).**
6. ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് നൽകുന്നതിനായി പർച്ചേസ് ചെയ്തിട്ടുള്ള TAB കൾ SIM ഉൾപ്പെടെ അവർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. (Inspection നടത്തി TAB വഴി ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാനുള്ളതിനാൽ കാലതാമസമുണ്ടാകരുത്.) **(എഫ് സെക്ഷൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.)'**

7. ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കായി വാങ്ങിയിട്ടുള്ള ലാപ്ടോപ്പുകൾ അവർക്ക് കിട്ടിയിട്ടില്ലാത്തതിനാൽ ആയത് trace ചെയ്യണം. അതിനുള്ള നടപടികൾ സ്വീകരിക്കുവാൻ T.A യെ ചുമതലപ്പെടുത്തി.
8. ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്ക് വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടതുള്ളതിനാൽ വാഹനം അത്യാവശ്യമാണ് എന്നതിനാൽ വാഹനങ്ങൾ വാടകയ്ക്ക് (Monthly Rent Basis) എടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. **(എഫ് സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക).**
9. ഐ.ടി.ഐകളിലെ T& P ഐറ്റങ്ങൾ ഐ.ടി.ഐ തലത്തിൽ പരിശോധന നടത്തി സ്ഥാപന മേധാവികൾ ഐ.ടിമാർക്കും, ട്രെയിനിംഗ് ഡയറക്ടർക്കും Annual Verification Report എല്ലാ വർഷവും മാർച്ച് 31 നകം ലഭ്യമാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. യഥാസമയം വാർഷിക പരിശോധനാ റിപ്പോർട്ട് സമർപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഐ.ടി മാർ റിപ്പോർട്ട് നൽകേണ്ടതാണ്. നടപ്പുവർഷത്തെ റിപ്പോർട്ട് ആഗസ്റ്റ് 31 നകം ലഭ്യമാക്കേണ്ടതാണ്. **(എഫ് സെക്ഷൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.)**
10. ഐ.ടി.ഐ-കളിൽ പർച്ചേസ് ചെയ്യു ഉപകരണങ്ങൾ/മെഷീനുകൾ സ്റ്റോക്കിൽ എടുത്ത് ഒരു മാസത്തിനകം ഉപയോഗിച്ചിരിക്കേണ്ടതാണ്. പരിശോധനയിൽ ഇത്തരത്തിൽ ട്രെയിനിംഗിന് ഉപയോഗിക്കാത്ത ഉപകരണങ്ങൾ സ്റ്റോറിൽ കണ്ടെത്തിയാൽ ആയതിനുള്ള പരിപൂർണ്ണ ഉത്തരാദി പ്രിൻസിപ്പാൾ ആയിരിക്കും.
11. പ്രിൻസിപ്പാൾമാർക്ക് പരമാവധി 1 ലക്ഷം രൂപ വരെ maintenance Fund ഉപയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. **(എ & ഇ സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് )**
12. കണ്ടംനേഷൻറെ delegation limit പുതുക്കുന്നതിനുള്ള ശുപാർശ ഉടൻ സർക്കാരിൽ അയയ്ക്കണം. **(എ &ഇ സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് )**
13. ഐ.ടി.ഐ കളിൽ സംഭരിക്കുന്ന പരമാവധി ഉപകരണങ്ങൾക്കും മെഷീനുകൾക്കും വാറൻറി പീരീഡ് കഴിയുന്നതോടെ AMC-യിൽ ഏർപ്പെടാൻ നടപടി സ്വീകരിക്കേണ്ടതാണ്. സർക്കാരിൻറെ വ്യവസ്ഥകൾ പ്രകാരം AMC –യിൽ ഏർപ്പെടുവാൻ പ്രിൻസിപ്പാൾമാർക്ക് അധികാരമുണ്ട്. AMC-യിൽ ഏർപ്പെട്ടില്ലെങ്കിൽ അതിൻറെ പൂർണ്ണ ഉത്തരവാദി ഐ.ടി.ഐ പ്രിൻസിപ്പാൾ മാത്രമായിരിക്കും. **(ഇ സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് -ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ സഹിതം പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകേണ്ടതാണ്.)**
14. 3 phase connection ഇല്ലാത്തതും, താൽക്കാലിക/സ്ഥിരം കെട്ടിടങ്ങളുള്ളതുമായ ഐ.ടി.ഐ കളിൽ (കഞ്ഞിക്കുഴി, പേരാമ്പ്ര, ചടയമംഗലം, ചെറിയമുണ്ടം, മലയിൻകീഴ്, വാമനപുരം, താഴേക്കോട്, ബേപ്പൂർ, ചേർപ്പ്, പെരുമാട്ടി, തിരുവമ്പാടി, റാന്നി, ചാത്തമംഗലം) 3 phase connection എടുക്കുവാനുള്ള ബുദ്ധിമുട്ട് എന്താണെന്നത് സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ഒരാഴ്ചയ്ക്കകം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, അതിനുശേഷം ബന്ധപ്പെട്ട എം.എൽ.എ, പഞ്ചായത്ത് സെക്രട്ടറി, KSEB/PWD ലെ അധികാരികൾ എന്നിവർക്ക് ട്രെയിനിംഗ് ഡയറക്ടറുടെ D.O കത്ത് നൽകുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ( TA & E സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.)

<u>Placement & Job Portal</u>

എല്ലാ സർക്കാർ/പ്രൈവറ്റ്/SCDD ഐ.ടി.ഐ കളിലെയും മുഴുവൻ ട്രെയിനികളെയും സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുള്ള സ്റ്റേറ്റ് ജോബ് പോർട്ടലിൽ (www.statejobportal.com) രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതാണ്. പ്രൈവറ്റ് ഐടി.ഐ യിലെ ട്രെയിനികളുടെ രജിസ്ട്രേഷൻ ഉറപ്പ് വരുത്തേണ്ടത് അതാത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാരാണ്. രജിസ്ട്രേഷൻ സംബന്ധിച്ച compliance report 2 ആഴ്ചയ്ക്കുള്ളിൽ

ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. SCDD വകുപ്പ് മേധാവിക്ക് ഡയറക്ടറുടെ ഒരു D.O കത്ത് കൂടി നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. **(സി സെക്ഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.)**

ED club കളുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് നിർബന്ധമായും ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.**(എസ് പി.ഐ യു - ടി റിപ്പോർട്ട് ലഭിക്കുണ്ടെന്ന് ഉറപ്പുവരുത്തുക )**

**<u>അഫിലിയേഷൻ</u>**

1. ഐ.ടി.ഐ കളിലെ വിവിധ ട്രേഡ്/യൂണിറ്റുകൾക്ക് അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള Annexure III ഇനിയും സമർപ്പിക്കാത്ത സ്ഥാപനങ്ങൾ 25.06.2018 നുള്ളിൽ തയ്യാറാക്കി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.
2. അഫിലിയേഷൻ ലഭിക്കാനുള്ള ട്രേഡുകളെ സംബന്ധിച്ച വിവരം ചുവടെ പറയുന്ന format -ൽ 19.06.2018 ന് തന്നെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്. ( email: detraining@gmail.com)

| Sl No | Name of trade which affiliation sought | No.of Units |
|---|---|---|
| | | |
| | | |

3. NCVT ട്രേഡുകൾ DGT യുടെ അനുമതി ലഭിക്കാതെ യാതൊരു കാരണവശാലും ഷിഫ്റ്റ് ചെയ്യരുത്.
4. പ്രവർത്തന രഹിതമായ 81 പ്രൈവറ്റ് ഐ.ടി.ഐകളുടെ വിവരങ്ങൾ സമർപ്പിക്കുവാൻ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് സമർപ്പിക്കാത്ത നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ 10 ദിവസത്തിനുള്ളിൽ (28.06.2018 നകം) റിപ്പോർട്ട് സമർപ്പിക്കേണ്ടതും, അല്ലാത്ത പക്ഷം വീഴ്ച വരുത്തുന്ന പ്രിൻസിപ്പാളിനെതിരെ യാതൊരു മുന്നറിയിപ്പും കൂടാതെ സസ്പെൻഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.**(സി സെക്ഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് )**

<u>Short Term Courses:-</u>

Short Term Course -കൾ പരമാവധി എല്ലാ ഐ.ടി.ഐ കളിലും നടത്തുവാൻ പ്രിൻസിപ്പാൾമാർ നടപടി സ്വീകരിക്കേണ്ടതാണ്. Short Term Course- കളെ സംബന്ധിച്ച പ്രൊപ്പോസലുകൾ സമർപ്പിക്കാത്ത ഐ.ടി.ഐ കൾ ആയത് ഒരാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.**(എസ് .ഐ .സി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് )**

<u>PMKVY</u>

എല്ലാ ഐ.ടി.ഐകളും PMKVY -ൽ ട്രെയിനിംഗ് പ്രൊവൈഡർ ആയി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളത് വെറും 23 ഐ.ടി.ഐ കളാണ്. അതിൽ 3 ഐ.ടി.ഐ കൾ മാത്രമേ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുള്ളു.

എല്ലാ ഐ.ടി.ഐ കളും അവരുടെ സ്ഥാപനങ്ങളിലുള്ള ട്രേഡുകളുമായി ബന്ധപ്പെട്ട് കുറഞ്ഞത് ഒരു PMKVY കോഴ്സെങ്കിലും നടത്തിയിരിക്കേണ്ടതാണ്. അതിനുള്ള പ്രൊപ്പോസൽ 20.06.2018 നകം സമർപ്പിക്കേണ്ടതാണ്. ( **എസ് ഐ സി ഇത് സംബന്ധിച്ചുള്ള പുരോഗതി monitor ചെയ്യേണ്ടതാണ്.)**

<u>Grading</u>

Grading നുള്ള ശുപാർശ സമർപ്പിക്കാത്ത ഐ.ടി.ഐ കൾ 20.06.2018 നകം ശുപാർശ സമർപ്പിച്ചിരിക്കണം. 15.07.2018 International Skill Day-യ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾക്ക്

അവാർഡ് നൽകുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ കാലതാമസം ഉണ്ടാകരുത്(എസ് പി.ഐ യു - **ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**

NAPS

കൂടുതൽ വ്യവസായ സ്ഥാപനങ്ങളെ ടി സ്കീമിലേയ്ക്ക് കൊണ്ട് വരുന്നതിനും, നിലവിൽ നൽകിയിട്ടുള്ള ടാർജറ്റ് പൂർത്തീകരിക്കുന്നതിനും, അടിയന്തിര നടപടികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലെ വീഴ്ചകൾ ഗുരുതരമായി കണക്കാക്കി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.(**എഫ് സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്** )

ആർ.ഐ സെൻററിലെ ട്രെയിനിംഗ് ഓഫീസർമാർക്ക് അടിയന്തിരമായി ഐ.ഡി കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.(**ഐ.ടി സെൽ /എ സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്** )

**എൻ.എസ്.എസ്.**

നിലവിൽ സംസ്ഥാനത്ത് 29 ഐ.റ്റി.ഐകളിൽ എൻ.എസ്.എസ്. യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഇവയിൽ നാമമാത്രമായി പ്രവർത്തിക്കുന്ന യൂണിറ്റുകളുമുണ്ട്. പ്രിൻസിപ്പാൾമാർ, ജീവനക്കാർ, പി.ടി.എ. എന്നിവരുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടെങ്കിൽ മാത്രമേ എൻ.എസ്സ്.എസ്സിൻറെ പ്രവർത്തനങ്ങൾ വിജയകരമായി നടത്തുവാൻ കഴിയുകയുള്ളൂ.

സംസ്ഥാന ഗവൺമെൻറ് നടപ്പിലാക്കുന്ന ഒട്ടനവധി സാമൂഹ്യപ്രതിബദ്ധതയുള്ള പരിപാടികൾ എൻ.എസ്സ്.എസ്സിൻറെ ചുമതലയിൽ നടത്തുവാൻ സംസ്ഥാന ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളതാണ്. അത്തരം പരിപാടികളിൽ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെയും വാളൻറിയർമാരുടെയും സേവനം കൃത്യമായി ഉറപ്പാക്കേണ്ടതും ഓരോ സ്ഥാപനമേധാവികളുടെയും ചുമതലയും കർത്തവ്യവും കൂടിയാണ്.

**10.നവകേരള മിഷൻ :**

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി കേരളം സർക്കാർ 4 മിഷനുകൾ നടപ്പിലാക്കിവരുന്നു.

- ആർദ്രം പദ്ധതി
- ലൈഫ് പദ്ധതി
- ഹരിതകേരളം പദ്ധതി
- പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായി എല്ലാ ഐടിഐ കളിലെയും ബന്ധപ്പെട്ട പി.റ്റി.ഐ ,
ട്രെയിനീസ് കൗൺസിൽ ,സ്റ്റാഫ് കമ്മിറ്റി ,എൻ.എസ്.എസ് തുടങ്ങിയ സംഘടനകളുമായി ചേർന്ന് കൂടി ആലോചിച്ച് വേണ്ട നടപടികൾ സ്വീകരിക്കണം .ഇതിനായി ഐ 2 /15290/2018 തീയതി 6.6.2018 പ്രകാരം അറിയിപ്പ് നൽകിയിരുന്നു.ഇത് സംബന്ധിച്ച റിപ്പോർട്ട് itdplanningdd@gmail.com എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ് .(**ഐ സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്** )

- **ഗ്രീൻ പ്രോട്ടോകോൾ**

വകുപ്പിന് കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളും 2018 june 5 ന് മുൻപേ ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം നടത്തി ഹരിത ഓഫീസുകളായി മാറണമെന്ന് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.ഇനിയും ഹരിത ഓഫീസുകളായി പ്രഖ്യാപിക്കാതെ സ്ഥാപനങ്ങൾ ഏതെങ്കിലുമുണ്ടെങ്കിൽ പ്രസ്തുത വിവരം അറിയിക്കേണ്ടതാണ് .ഗ്രീൻ പ്രോട്ടോകോൾ പ്രഖ്യാപനം നടത്തിയ ഓഫീസുകൾ ആയതിനായി സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദ റിപ്പോർട്ട് (ഇനിയും സമർപ്പിക്കാത്ത ഐടിഐ കൾ) ഒരു ആഴ്ചക്കുള്ളിൽ

ഈ കാര്യാലത്തിൽ ലഭ്യമാക്കേണ്ടതാണ് .(എ **സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്** )

Civil works

- PWD യ്ക്ക് നൽകിയിട്ടുള്ള സിവിൽ വർക്ക് കളിൽ പെൻഡിംഗ് ഉള്ളവ ഫോളോ-അപ് ചെയ്യുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.
- ഭാവിയിലുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും International ITI Standard level- ൽ ആയിരിക്കണം. ടി സ്റ്റാൻഡേർഡിലുള്ള വകുപ്പ് തയ്യാറാക്കിയ മാർഗ്ഗരേഖ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ കൈവശം സൂക്ഷിക്കണം. (ഇതിനകം ഇ-മെയിൽ ചെയ്തു നൽകിയിട്ടുണ്ട്).
- കിഫ്ബി പ്രോജക്ടിൽപെട്ട 10 ഐ.ടി.ഐകളിൽ /അന്താരാഷ്ട്ര ഐ.ടി.ഐകളായി മാറ്റുവാൻ ഉദ്ദേശിക്കുന്ന ചാക്ക, കോഴിക്കോട് എന്നീ ഐ.ടി.ഐകളിൽ PWD അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികള മുഖാന്തിരം നടത്താനിരിക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തികളും കിഫ്ബി പ്രോജക്ടിനായി തയ്യാറാക്കിയിരിക്കുന്ന ഗൈഡ് ലൈനും മാസ്ററർ പ്ലാനും പ്രകാരം പുനക്രമീകരിക്കണം. മാസ്റ്റർ പ്ലാനിൻറെ ഭാഗമായി ചെയ്യേണ്ടതായ നിർമ്മാണത്തിൻറെ ഏതെങ്കിലും ഭാഗം ഐഡൻറിഫൈ ചെയ്ത് ആയത് ഈ ഫണ്ടിലൂടെ നടപ്പിലാക്കണം. ഇതിനയി ആവശ്യമായ മാറ്റങ്ങൾ ഭരണാനുമതിയിൽ വരുത്തുന്നതിനുള്ള തുടർ നടപടികളും സ്വീകരിക്കേണ്ടതാണ്.
- KIIFB Project നടത്തുവാനുള്ള ഐ.ടി.ഐ കൾക്ക് ഒരാഴ്ചയ്ക്കകം വ്യക്തമായ നിർദ്ദേശം നൽകേണ്ടതാണ്. **(ഇ സെക്ഷൻ ആവശ്യമായ നടപടി സ്വീകരിക്കുക).**
- കിഫ്ബി പ്രോജക്ടിൽപെട്ട എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും അതാത് ഐ.ടി.ഐ യിലെ കെട്ടിടം പൊളിക്കുകയാണെങ്കിൽ എത്ര ചെലവാകും എന്നത് സംബന്ധിച്ച ഒരു റിപ്പോർട്ട് PWD-യിൽ നിന്നും ലഭ്യമാക്കി ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. **(ഇ സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്)**

Purchase

30.06.2018 വരെ Satisfactory supply നടത്തിയ ഇനി പേയ്മെൻറ് നൽകാനുള്ളതുമായ തുകയുടെ വിവരങ്ങൾ 03.07.2018 നകം തന്നെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.**ഇ സെക്ഷൻ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്)**

ഐ.ടി.എനേബിൾഡ് ഇനിഷ്യേറ്റീവ്സ്

- ബയോമെട്രിക് ഹാജർ സംവിധാനം കേരള സർക്കാർ നിർദ്ദേശ പ്രകാരം സ്പാർക്ക് ലിങ്ക്ഡ് ഹാജർ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനം നടത്തി വരുന്നു. ബയോമെട്രിക് പഞ്ചിംഗ് ഉള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങളുടെ സ്ഥിതി പരിശോധിച്ച് Report നൽകുവാൻ 13 ടീമുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- 2 ജില്ലകളിൽ (കോഴിക്കോട്, തിരുവനന്തപുരം) ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. . LAN ചെയ്യുന്നതിന് PWD-യ്ക്ക് ഫണ്ട് കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾ ഫോളോ-അപ് ചെയ്ത് ഈ മാസം തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. രണ്ട് ജില്ലകളിൽ കൂടി ടി പദ്ധതി വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്.

മറ്റ് വിഷയങ്ങൾ

- Website

എല്ലാ ഐ.ടി.ഐ കളും Website Updation 20.06.2018 നകം പൂർത്തീകരിക്കേണ്ടതാണ്.(**ഐ.ടി സെൽ ടി വിഷയം മോണിറ്റർ ചെയ്ത് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്**)

- Toilet facility പല ഐ.ടി.ഐ കളിലും വളരെ മോശമായ നിലയിലാണ് എന്ന് കണ്ടെത്തിയതിനാൽ എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും Toilet Analysis gap report ഒരു ആഴ്ചയ്ക്കുള്ളിൽ ചുവടെ പറയുന്ന ഫോർമാറ്റിൽ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്.

Trainees & Staff (Seperate റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്)

| Gender | No of Toilets | Functioning | Functioning Maintenance required | ,Not Functioning Maintenance required |
|---|---|---|---|---|
| Male | | | | |
| Female | | | | |

| Gender | No of Urinals | Functioning | Functioning Maintenance required | ,Not Functioning Maintenance required |
|---|---|---|---|---|
| Male | | | | |
| Female | | | | |

**(ഇ സെക്ഷൻ അവശ്യമായ നടപടി സ്വീകരിക്കുക)**

**മറ്റ് അത്യാവശ്യ കാര്യങ്ങൾ**

**ഓഡിറ്റ്:**

- ഐ.ടി.ഐകളിൽ Accountant General /Finance Inspection Wing/Departmental Audit നടത്തുന്ന ആഡിറ്റിന് കൃത്യസമയത്ത് വ്യക്തമായ മറുപടി പലപ്പോഴും ലഭിക്കാറില്ല. മുൻപ് നൽകിയ മറുപടി തീയതി മാറ്റി നൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ആവർത്തിക്കാതിരിക്കുക. ചില ഐ.ടി.ഐകളിൽ നിന്നും Audit Objection/ Query പരിഹരിച്ചു എന്ന് മറുപടി നൽകുകയും അടുത്ത ആഡിറ്റിൽ ആ ഒബ്ജക്ഷൻ പരിഹരിക്കാതെയാണ് മറുപടി നൽകിയതെന്നും കാണുന്നു. ഇത് ശരിയായ നടപടി അല്ല.
- 20/4/18-ലെ സർക്കാർ പരിപത്രം 33/2018/ധന പ്രകാരംഓഡിറ്റ് റിപ്പോർട്ടിന് മറുപടി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.ഈ പരിപത്ര പ്രകാരം ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- Govt,/PWD/Other officesഎന്നിവിടങ്ങളിൽ പെൻഡിംഗ് ആയിട്ടുള്ള ആഡിറ്റ് ഒബ്ജക്ഷൻ പരിഹരിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി വേണ്ട നടപടികൾ സ്വീകരിച്ച് 15 ദിവസത്തിനകം മറുപടി ലഭ്യമാക്കുക.
- 24/09/10-ലെ സർക്കാർ പരിപത്രം നം.86/2010/ധന പ്രകാരം Computer Hardware and Software Assets Register ഐ ടി ഐ കളിൽ സൂക്ഷിക്കേണ്ടതാണ്.
- ചില ഐ.ടി.ഐകളിൽ നിന്നും ലഭിക്കുന്ന NLC/LCഎന്നിവ നിശ്ചിത ഫോർമാറ്റിൽ അല്ല. ഡിപ്പാർട്ട്മെൻറ് വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുള്ള ഫോർമാറ്റിൽ കാലയളവ് രേഖപ്പെടുത്തി

NLC/LCഎന്നിവ നൽകേണ്ടതാണ്.

- ആഡിറ്റ് സംബന്ധമായ സർക്കുലർ ഡിപ്പാർട്ട്മെൻറ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.
- ഡിപ്പാർട്ട്മെൻറ് ആഡിറ്റ്/ഏ.ജി. ഓഡിറ്റ് എന്നീ പരിശോധനയിൽ പല ഐ.ടി.ഐകളിലും ടൂൾസ് & എക്യൂപ്മെൻറ്സ് സംഭരണം നടത്തി സ്റ്റോറിൽ സൂക്ഷിച്ചിരിക്കുകയാണ്. ട്രേഡിലേയ്ക്ക് Indentചെയ്ത് എടുത്തിട്ടില്ല.
- കൊല്ലം, ഇടുക്കി, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ C&AG-യുടെ compliance Auditനടന്നു വരുന്നു. കഴിഞ്ഞ 5 വർഷത്തെ വിവരങ്ങൾ ആണ് ആഡിറ്റിന് വിധേയമാക്കുന്നത്. CAG Audit team-ന് ആവശ്യപ്പെടുന്ന രേഖകൾ കൃത്യമായി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

യോഗം 3.30 ന് അവസാനിച്ചു.

30/6/18

#approver
ട്രെയിനിങ് ഡയറക്ടർ

<u>**കുറിപ്പ്: ടി മിനുട്ട്സ് പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ടുകൾ ഖണ്ഡിക തിരിച്ച് പ്രത്യേകം റിപ്പോർട്ടുകളാക്കിയാണ് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടത്.**</u>